**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** **19-01-2021 - ൽ മറുപടിയ്ക്ക്**

**പുനർജനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ ,<br>ശ്രീ. സണ്ണി ജോസഫ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | പ്രളയക്കെടുതിയിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുവാൻ ആവിഷ്കരിച്ച പുനർജനി പദ്ധതിയിലൂടെ ഇതിനകം നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതിയിൽ 182.76 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആവർത്തിച്ചുണ്ടായ പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന സ്ഥിതിയുമുണ്ടായി. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ - കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾക്ക് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/ കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19ലെ കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ഇപ്രകാരം ആകെ 65.81 കോടി രൂപ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് കൃഷിവകുപ്പ് ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കാർഷിക മേഖലയ്ക്കുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 93.4 കോടി രൂപ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ പ്രത്യേക പാക്കേജ് എന്ന നിലയിൽ അനുവദിക്കുകയുണ്ടായി. |
| (സി) | ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയെന്നും ഓരോ പദ്ധതിക്കും എന്ത് തുക കേന്ദ്രസഹായമായി ലഭിച്ചുവെന്നും അറിയിക്കാമോ; അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ? | (സി) | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ പ്രത്യേക പാക്കേജ് (സ്പെഷ്യൽ പാക്കേജ് ടു മിറ്റിഗേറ്റ് ദി കലാമിറ്റി എറൈസിംഗ് ഓൺ അക്കൗണ്ട് ഓഫ് ഫ്ലഡ്സ് ഇൻ കേരള ഡ്യൂറിങ് 2018-19) എന്ന നിലയിൽ 93.4 കോടി രൂപ അനുവദിക്കുകയുണ്ടായി. 2018-19, 2019-20 വർഷങ്ങളിൽ മേൽ പദ്ധതി പ്രകാരം ലഭിച്ച തുക സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന വിനിയോഗിക്കുകയും, ബാക്കിയായ 30.22 കോടി രൂപ 2020-21 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി വിനിയോഗിക്കുവാൻ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ